(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

കാർഷികരംഗത്തെ നേട്ടങ്ങൾ

30 (*90) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവസാങ്കേതിക വിദ്യ, ജൈവകീട നിയന്ത്രണം ഉൾപ്പെടെ കാർഷികരംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ കാർഷികരംഗം ആധുനികവൽക്കരിക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കഴിഞ്ഞ നാല് വർഷക്കാലത്ത് സംസ്ഥാനത്തിന് പുതിയ ഏതെങ്കിലും വിളയുടെ കൃഷി ആരംഭിക്കുകയോ കാർഷികരംഗം യന്ത്രവൽക്കരിക്കാനുള്ളള എന്തെങ്കിലും പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ജൈവസാങ്കേതിക വിദ്യാരംഗത്ത് ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യ മുഖേന ഓർക്കിഡ്, ബിഗോണിയ, ആന്തൂറിയം എന്ന പുഷ്പയിനങ്ങളുടെയും നേന്ത്രൻ, കപ്പവാഴ, വാനില, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്. ആയതിന് ഗുണമേന്മയുള്ള മാതൃസസ്യങ്ങളിൽ നിന്നും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ തൈകൾ ഉൽപ്പാദിപ്പിക്കുക, ജനിതകമേന്മയുള്ള ഇനങ്ങളുടെ തൈകൾ സസ്യപ്രചരണം വഴി ഉൽപ്പാദിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഒരു ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ ആദ്യമാരംഭിച്ച ഒരു സംരംഭമാണിത്.

ജൈവകീട നിയന്ത്രണരംഗത്ത് ജൈവകീടനാശിനികൾ ഫലപ്രദമായും വ്യാപകമായും ഉപയോഗിച്ചുവരുന്നു. രോഗകീടനിയന്ത്രണത്തിനായി എതിർപ്രാണികളെ ഫലപ്രദമായി ഉപയോഗിക്കുന്നു. നെല്ലിലെ തണ്ടുതുരപ്പൻ പുഴു, ഇല ചുരുട്ടിപ്പുഴു, കൊലവാട്ടം, കുരുമുളകിലെ ദ്രുതവാട്ടം, ഇഞ്ചിയിലെ വേരഴുകൽ തുടങ്ങിയ രോഗകീടങ്ങൾക്കെതിരെ മണ്ണുത്തിയിലെ ബയോകൺട്രോൾ ലാബിൽ വളർത്തിയെടുത്ത എതിർപ്രാണികൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(ബി&സി) നെൽമേഖലയിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി 100 വിത്ത് വില്ലേജുകൾ സ്ഥാപിച്ചു. ജൈവ-ജീവാണു വളപ്രയോഗം വർദ്ധിപ്പിച്ച് സംയോജിത വളപ്രയോഗത്തിലൂടെയും ജൈവകീടനാശിനി ഉപയോഗത്തിലൂടെ സംയോജിതകീടരോഗ നിർമ്മാർജനത്തിന് പ്രാമുഖ്യം നൽകി. രോഗകീടനിയന്ത്രണത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

എതിർപ്രാണികൾ വികസിപ്പിക്കുന്നതിന് മണ്ണുത്തിയിൽ ഒരു ബയോകൺട്രോൾ ലാബ് പ്രവർത്തനമാരംഭിച്ചു. കുട്ടനാട്ടിലെ മങ്കൊമ്പിൽ ഒരു കീടരോഗനിയന്ത്രണ കേന്ദ്രം സ്ഥാപിച്ചു. നെൽമേഖല യന്ത്രവൽക്കൃതമാക്കുന്നതിന്റെ ഭാഗമായി ട്രാക്ടറുകൾ, ടില്ലറുകൾ തുടങ്ങിയവയും പ്രധാന നെൽമേഖലകൾക്കായി 6 കംബൈൻഡ് ഹാർവെസ്റ്ററുകളും ഉപയോഗിക്കുന്നു. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് സർക്കാർ മേഖലയിൽ തകഴി, വൈക്കം, ആലത്തൂർ എന്നിവിടങ്ങളിലായി 3 മോഡേൺ റൈസ്മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ സുഗന്ധവിളകൾ കൃഷിചെയ്യുന്നതിനും ആയത് സംസ്ക്കരിക്കുന്നതിനുമായി 5 ജില്ലകളിൽ റബ്ബർറോളർ മില്ലുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. സർക്കാരധീനതയിലുള്ള കഴക്കൂട്ടത്തെ ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുഷ്പ ഫലസസ്യങ്ങളുടേയും ചില ഫലവർഗ്ഗയിനങ്ങളുടെയും തൈകൾ ടിഷ്യൂകൾച്ചർ മുഖേന ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. സംസ്ഥാനത്ത് 100 ഫ്ളോറി ക്ലബ്ബുകൾ രൂപീകരിച്ച് കർഷകർക്ക് പുഷ്പസസ്യയിനങ്ങളുടെ തൈകൾ 50 ശതമാനം സബ്സിഡിയിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

തെങ്ങിനും മറ്റ് വിളകൾക്കുമായി ജലക്ഷാമമുള്ള പ്രദേശങ്ങളിൽ നിയന്ത്രിത അളവിൽ ജലസേചനം നൽകുന്നതിന് ഡ്രിപ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നു.

ഹൈടെക് പദ്ധതിയിൻകീഴിൽ ടിഷ്യൂകൾച്ചർ, അഗ്രോ പ്രൊസസിംഗ് എന്നിവയ്ക്കായി 75 ശതമാനം വരെ സഹായം നൽകി കർഷകരെ സഹായിക്കുന്നു. വനിതാകർഷകരുടെ സമിതികൾക്ക് ടിഷ്യൂകൾച്ചർ കാർഷികോല്പന്നങ്ങളുടെ സംസ്ക്കരണം തുടങ്ങിയ മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പ്രാപ്തരാക്കുന്നതിനുവേണ്ടി സഹായം നൽകുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

പദ്ധതിച്ചെലവ്

1 (384) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷം എത്ര രൂപയുടെ പദ്ധതിയ്ക്കാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത് ;

(ബി) അതിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും അത് ഈ വർഷത്തെ ലക്ഷ്യത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ ;

(സി) ഈ വർഷം പദ്ധതി ചെലവ് വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും എങ്കിൽ അത് എത്രയെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly